**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1441** 13/06/2014-ൽ മറുപടിയ്ക്ക്

"അനധികൃത അറവുശാലകളുടെ പ്രവർത്തനം"

| ചോദ്യം<br><br>ശ്രീ. കോലിയക്കോട് എൻ.കൃഷ്ണൻ നായർ<br>ശ്രീ.സാജു പോൾ<br>ശ്രീ. കെ.വി.അബ്ദുൾ ഖാദർ<br>ശ്രീ.കെ.സുരേഷ് കുറുപ്പ് | | ഉത്തരം<br><br>ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | കോർപ്പറേഷനുകളിൽ അനധികൃത അറവുശാലകൾ പെരുകുന്നതായ സ്ഥിതി വിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ യും ബി യും) | തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിൽ അനധികൃത അറവുശാലകൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അനധികൃത അറവുശാലകൾ പ്രവർത്തിക്കുന്നതിന്റെ കാരണം പരിശോധിച്ചിട്ടുണ്ട്. തിരുവനന്തപുരം നഗരസഭയ്ക്ക് സ്വന്തമായി ഉണ്ടായിരുന്ന ഏക അറവുശാല കേരള സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ നിർദ്ദേശാനുസരണം അടച്ചു പൂട്ടിയിരിക്കുകയാണ്. കൊച്ചി നഗരസഭയുടെ കീഴിലുള്ള മട്ടാഞ്ചേരി അറവുശാല കഴിഞ്ഞ 7 വർഷങ്ങളായി പൂട്ടിയിട്ടിരിക്കുന്നതും, നിലവിൽ പ്രവർത്തിച്ചുവരുന്ന കലൂർ അറവുശാലയിൽ നിന്നും അറവു നടത്തി ടി പ്രദേശങ്ങളിലേയ്ക്ക് വിതരണം ചെയ്യുന്നതിന് പ്രായോഗിക ബുദ്ധിമുട്ട് ഉള്ളതുകൊണ്ടും രാത്രികാലങ്ങളിൽ അനധികൃത അറവ് നടത്തുന്നതുമൂലം നഗരസഭാ ജീവനക്കാർക്ക് പരിശോധന നടത്തുവാൻ സാധിക്കാത്ത സാഹചര്യം നിലനിൽക്കുന്നതുമാണ് കൊച്ചിയിൽ അനധികൃത അറവുശാലകൾ പ്രവർത്തിക്കുന്നതിന്റെ കാരണമായി നഗരസഭ അറിയിച്ചിട്ടുള്ളത്. ശാസ്ത്രീയ അറവുശാലകൾ സ്ഥാപിക്കാത്തതാണ് |

| | | | |
|---|---|---|---|
| | | | കോഴിക്കോട് നഗരസഭയിൽ അനധികൃത അറവുശാലകൾ പെരുകുന്നതിന് കാരണമായി ചൂണ്ടികാട്ടിയിരിക്കുന്നത്. |
| (ബി) | ഇതിനുള്ള കാരണങ്ങൾ എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ ; | | |
| (സി) | ഈ സർക്കാർ അധികാരമേറ്റതിനു ശേഷം വിവിധ കോർപ്പറേഷനുകളുടെ കീഴിലുള്ള എതെല്ലാം അറവുശാലകളാണ് പൂട്ടിയിട്ടുള്ളത് എന്നറിയിക്കുമോ ; | (സി) | തിരുവനന്തപുരത്തുള്ള കുന്നുകുഴിയിലെ അറവുശാലയും, തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷന്റെ കീഴിലുള്ള കുരിയച്ചിറയിലുള്ള അറവുശാലയും പൂട്ടിയിട്ടുണ്ട്. |
| (ഡി) | ആധുനിക അറവുശാലകൾ നിർമ്മിക്കുന്നതിനായി 2011-12, 2012-13, 2013-14 എന്നീ വർഷങ്ങളിൽ ബജറ്റിൽ നീക്കി വെച്ചിരുന്ന തുക ചെലവഴിക്കാൻ സാധിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ; തുക ചെലവഴിച്ചിട്ടില്ലെങ്കിൽ ആയതിനുള്ള കാരണങ്ങൾ അറിയിക്കുമോ ? | (ഡി) | ഇല്ല. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്,കൊല്ലം എന്നീ നഗരസഭകളിൽ തുക ചെലവഴിക്കാൻ സാധിച്ചിട്ടില്ല. തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷന് ബഡ്ജറ്റിൽ നീക്കി വെച്ച തുക ലഭിച്ചിട്ടില്ല.<br><br>കൊച്ചി നഗരസഭയ്ക്ക് ആധുനിക അറവുശാല നിർമ്മിക്കുന്നതിനായി 2011-12, 2013-14 വർഷങ്ങളിൽ തുക നീക്കി വെച്ചിരുന്നില്ല. 2013-14 വർഷത്തിൽ വികേന്ദ്രീകൃതാസൂത്രണ പദ്ധതി പ്രകാരം മട്ടാഞ്ചേരിയിൽ മൾട്ടി ഇയർ പ്രോജക്ടായി ആദ്യ വർഷം 1,02,59,099/- രൂപ വകയിരുത്തിയിരുന്നുവെങ്കിലും പ്രസ്തുത സ്ഥലത്തിന്റെ സോയിൽ ടെസ്റ്റ് ലഭിച്ചിട്ടില്ലാത്ത കാരണത്താൽ തുക ചെലവഴിക്കാൻ സാധിച്ചിട്ടില്ല.<br><br>കോഴിക്കോട് നഗരസഭയ്ക്ക് 2013 സെപ്തംബർ മാസത്തിലാണ് അറവുശാല നിർമ്മിക്കുന്നതിനുള്ള സ്ഥലം അക്വിസിഷൻ നടപടി പൂർത്തിയായി ലഭ്യമായത്. |

സെക്ഷൻ ഓഫീസർ